# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് – മാനന്തവാടി ഗ്രാമപഞ്ചായത്ത് – കേന്ദ്രീയ വിദ്യാലയം ആരംഭിക്കുന്നതിനായി 5 ഏക്കർ സ്ഥലം വിലയ്ക്കു വാങ്ങി കേന്ദ്രീയ വിദ്യാലയ അധികൃതർക്ക് സൗജന്യമായി കൈമാറുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

---

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 2586/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, ഒക്ടോബർ 08, 2009.

---

പരാമർശം:

1. മാനന്തവാടി ഗ്രാമപഞ്ചായത്തിന്റെ 25-2-2009-ലെ 210/2008-09, 3-7-2009-ലെ 22/2009-10 (5) നമ്പർ തീരുമാനങ്ങൾ.
2. മാനന്തവാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25-08-2009-ലെ എ3-7051/09 നമ്പർ കത്ത്.
3. വയനാട് ജില്ലാ കളക്ടറുടെ 21-06-2009-ലെ എം.2-12031/09 നമ്പർ കത്ത്.

### ഉത്തരവ്

മാനന്തവാടി ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1)-ലെ തീരുമാനങ്ങളുടേയും പരാമർശം (2)-ലെ അപേക്ഷയുടേയും വയനാട് ജില്ലാ കളക്ടറുടെ പരാമർശം (3)-ലെ ശുപാർശയുടേയും അടിസ്ഥാനത്തിൽ, കേന്ദ്രീയ വിദ്യാലയം ആരംഭിക്കുന്നതിനായി മാനന്തവാടി വില്ലേജിലെ സർവ്വേ നമ്പർ 89/18 A1A1B3E-യിൽപ്പെട്ട 5 ഏക്കർ സ്ഥലം ജില്ലാ കളക്ടറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ വിലയ്ക്കു വാങ്ങി കേന്ദ്രീയ വിദ്യാലയ അധികൃതർക്ക് സൗജന്യമായി കൈമാറുന്നതിന് താഴെ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ഇത് സംബന്ധമായി 2000-ലെ കേരളാ പഞ്ചായത്ത്‌രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചിരിക്കണം.

ii. ഇത് സംബന്ധമായി ഭാവിയിൽ സർക്കാരിന് യാതൊരുവിധ സാമ്പത്തിക വ്യവഹാര ബാധ്യതകളും ഉണ്ടായിരിക്കുന്നതല്ല.

iii. ഗ്രാമപഞ്ചായത്ത് കാലവിളംബം ഇല്ലാതെ പദ്ധതി നടപ്പാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**കെ.അനിൽകുമാർ,**
അണ്ടർ സെക്രട്ടറി.

To

സെക്രട്ടറി/പ്രസിഡന്റ്, മാനന്തവാടി ഗ്രാമപഞ്ചായത്ത്, വയനാട് ജില്ല.

ജില്ലാ കളക്ടർ, വയനാട്.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

(മറുപുറം)

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.